ഉത്തരം

(എ) വടകര താലൂക്കിലെ വില്ലേജ് ഓഫീസുകളിൽ ഒരു വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന്റെ ഒഴിവ് നിലവിലുണ്ട്.

(ബി) പ്രസ്തുത ഒഴിവ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ

114 (3861) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതു ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നതിന് ഇപ്പോൾ സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഫാസ്റ്റ് ട്രാക്കിൽ ഭൂമി ഏറ്റെടുക്കുമ്പോൾ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ ;

(സി) സർക്കാർ ഭൂമി സർക്കാരിന്റെ തന്നെ മറ്റ് സ്ഥാപനങ്ങൾക്ക് വിട്ടുകൊടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ ?

ഉത്തരം

(എ) 1-1-2014 മുതൽ കേന്ദ്ര സർക്കാർ പാസ്സാക്കിയ Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act 2013 നിലവിൽവന്നു. ടി ആക്ടിലെ ചട്ടങ്ങൾക്ക് രൂപം നൽകി വരികയാണ്. 1894-ലെ ഭൂമി പൊന്നുംവില നിയമപ്രകാരം 1-1-2014-ന് മുമ്പ് വിജ്ഞാപനം പ്രസിദ്ധീകരിച്ച കേസുകളിൽ തുടർനടപടികൾ കാലഹരണപ്പെടാതിരിക്കുന്നതിന് പ്രഖ്യാപനം, ഭൂമി വില നിശ്ചയിക്കൽ നടപടികൾ സ്വീകരിച്ചു വരുന്നു. നഷ്ടപരിഹാരവും പുനരധിവാസ പാക്കേജും പുതിയ ആക്ട് പ്രകാരം നിശ്ചയിച്ച് തുടർ നടപടി സ്വീകരിക്കുവാൻ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ അതിൻപ്രകാരമുള്ള നടപടികൾ തുടർന്നുവരുന്നു. പുതിയ ആക്ടിലെ ചട്ടങ്ങൾ നിലവിൽ വരാത്ത സാഹചര്യത്തിൽ നെഗോഷിയേറ്റഡ് പർച്ചേസ് മുഖാന്തരവും ഭൂമി ഏറ്റെടുക്കാൻ അനുമതി നൽകുന്നുണ്ട്.

(ബി) ഫാസ്റ്റ് ട്രാക്ക് മുഖേന ഭൂമി ഏറ്റെടുക്കുമ്പോൾ ജില്ലാതല പർച്ചേസ് കമ്മിറ്റി ഭൂവുടമയുമായി വില സംബന്ധിച്ച് ധാരണയിലെത്തുകയും ടി വില ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല ഉന്നതാധികാരസമിതി (എസ്.എൽ.ഇ.സി.) അംഗീകരിച്ച് നഷ്ടപരിഹാരം നൽകുകയുമാണ് ചെയ്യുന്നത്. ജില്ലാ കളക്ടർ ഭൂവുടമയുമായി ഏർപ്പെടുന്ന കരാറിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) സർക്കാർ പുറമ്പോക്ക് ഭൂമി പൊതു ആവശ്യങ്ങൾക്ക് അനുവദിച്ച് നൽകാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. സർക്കാർ സേവന വകുപ്പുകൾക്ക് കമ്പോളവില ഈടാക്കാതെയും മറ്റ് വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും കമ്പോള വില ഈടാക്കിയുമാണ് ഭൂമിയും കെട്ടിടങ്ങളും അനുവദിച്ച് നൽകുന്നത്. കേരള ഫിനാൻഷ്യൽ കോഡ് വാല്യം-I അദ്ധ്യായം XIII അനുച്ഛേദം 326, റൂൾസ് ഫോർ ട്രാൻസ്ഫർ ഓഫ് ഗവൺമെന്റ് ലാന്റ്സ് ആന്റ് ബിൽഡിംഗ്സ് 1968-ൽ വിവരിച്ചിട്ടുള്ള നടപടിക്രമങ്ങൾ പ്രകാരമാണ് ഇപ്രകാരം ഭൂമി വിട്ടുകൊടുക്കുന്നത്.

സമഗ്ര ദുരന്ത നിവാരണ ഇൻഷ്വറൻസ് പദ്ധതി

115 (3862) ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ദുരിത നിവാരണ ഇൻഷ്വറൻസ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്കുള്ള ധനസമാഹരണം എങ്ങനെ നടത്താനാണ് ഉദ്ദേശിക്കുന്നത്, വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വിവിധ ദുരന്തങ്ങൾക്ക് പ്രത്യേകം പ്രത്യേകം ഇൻഷ്വറൻസ് പരിരക്ഷ കൊടുക്കുന്നതിനുപകരം ഒരൊറ്റ പ്രീമിയത്തിലൂടെ എല്ലാ ദുരന്തങ്ങൾക്കും സമഗ്രമായ ഇൻഷ്വറൻസ് പരിരക്ഷ കൊടുക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. തീരദേശ മലയോര ദുരന്ത സാധ്യതാ പ്രദേശങ്ങളിൽ താമസിക്കുന്നവർക്കായി സമഗ്ര ദുരന്ത ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് രൂപരേഖ തയ്യാറാക്കുവാൻ ഐ.എൽ.ഡി.എം.-ലെ ഡിസാസ്റ്റർ മാനേജ്മെന്റ് സെന്റർ തലവനെ സർക്കാർ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കരട് രൂപരേഖ ലഭ്യമാക്കിയിട്ടുണ്ട്. പ്രകൃതി ദുരന്തത്തിനും അതുപോലെതന്നെ മനുഷ്യ പ്രേരിത ദുരന്തത്തിനും ഇരയാകുന്നവർക്കും കുടുംബങ്ങൾക്കും കൂടുതൽ പരിരക്ഷ ലഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കരട് പദ്ധതി രേഖയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദാംശങ്ങളെക്കുറിച്ചും സാമ്പത്തിക ഉറവിടത്തെക്കുറിച്ചും വിവിധ തലങ്ങളിൽ ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly